(ബി&സി) ന്യായവില നിർണ്ണയത്തെക്കുറിച്ച് പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഫെയർ വാല്യുവിൽ പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള അപ്പീൽ സംബന്ധിച്ച് ജില്ലാ കളക്ടർ തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി 90 ദിവസം എന്നത് 60 ആയി കുറച്ചുകൊണ്ട് 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ ഭേദഗതി വരുത്തി 9-10-2015-ലെ G.O. (P) 185/2015/TD നമ്പരായി ഉത്തരവായിട്ടുണ്ട്. റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനായി 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ 5A എന്ന ഒരു ചട്ടം കൂടി ചേർത്തിട്ടുമുണ്ട്.

രജിസ്ട്രേഷൻ മേഖലയിൽ ഓൺലൈൻ സംവിധാനം

135(2775) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ മേഖലയിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ആധാരം എഴുത്ത് ഓഫീസുകളെ ഓൺലൈൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ആധാരം എഴുത്തുകാരെ ഓൺലൈൻ സമ്പ്രദായത്തെക്കുറിച്ച് ബോധവത്കരിക്കുവാൻ സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലെയും എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ടോ;

(ഇ) ഓൺലൈനിലൂടെ നൽകുന്ന രേഖകൾ ബാങ്കുകൾ ആധികാരിക രേഖയായി സ്വീകരിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 314 സബ് രജിസ്ട്രാർ ഓഫീസുകൾ ഉള്ളതിൽ 287 ഓഫീസുകളിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ആധാരം എഴുത്തുകാർക്ക് ഓൺലൈൻ ഉപയോഗിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. എല്ലാ ജില്ലകളിലും ആധാരം എഴുത്തുകാർക്ക് ഓൺലൈൻ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ ജില്ലകളിലും ആധാരം എഴുത്ത്-കൈപ്പട ലൈസൻസികൾക്ക് അതത് ജില്ലകളിൽവച്ച് Online PEARL Software-ൽ പരിശീലനം നൽകിയിട്ടുണ്ട്.

ആധാരം എഴുത്തുകാരെ ഓൺലൈൻ സമ്പ്രദായത്തെക്കുറിച്ച് ബോധവത്കരിക്കുവാൻ സംഘടിപ്പിച്ച പരിശീലന പരിപാടികളിൽ പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	250
കൊല്ലം	300
പത്തനംതിട്ട	260
ആലപ്പുഴ	100
ഇടുക്കി	302
കോട്ടയം	100
എറണാകുളം	566
തൃശ്ശൂർ	211
പാലക്കാട്	266
മലപ്പുറം	650
കാസർഗോഡ്	125
കണ്ണൂർ	150
വയനാട്	100
കോഴിക്കോട്	100
ആകെ	**3480**

ഇനിയും പരിശീലനം ലഭിക്കാത്ത ആധാരം എഴുത്ത്-കൈപ്പട ലൈസൻസികൾക്ക് അതത് സബ് രജിസ്ട്രാർ ഓഫീസിൽവച്ച് പരിശീലനം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ ജില്ലകളിലെയും എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടറുകൾ നൽകിവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly